**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4800** — **21.10.2011-ൽ മറുപടി** നൽകേണ്ടിയിരുന്നത്

## തൊഴിലുറപ്പ് പദ്ധതിയെ സ്തംഭിപ്പിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | **ഡോ: എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |

എ. തൊഴിൽ കാർഡ് രജിസ്ട്രേഷന്റെ നടപടികളുമായി ബന്ധപ്പെട്ടെന്ന വിധത്തിൽ സംസ്ഥാനത്തെ ചില പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയെ സ്തംഭിപ്പിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി. പ്രസ്തുത സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

എ. & ബി. തൊഴിൽ കാർഡ് രജിസ്ട്രേഷന്റെ നടപടികളുമായി ബന്ധപ്പെട്ടെന്ന വിധത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ സ്തംഭനാവസ്ഥയുണ്ടായിട്ടില്ല. എന്നാൽ, പാലക്കാട് ജില്ലയിൽ ആദ്യ ഘട്ടത്തിൽ പുതിയ തൊഴിൽ കാർഡ് പ്രിന്റ് ചെയ്ത് കിട്ടാൻ കെ.ബി.പി.എസിൽ നിന്നും കാലതാമസം നേരിട്ടതിനാൽ ചില പഞ്ചായത്തുകളിൽ വൈകിയാണ് തൊഴിൽ കാർഡ് ലഭ്യമാക്കാൻ കഴിഞ്ഞത്. ഈ പ്രശ്നം പരിഹരിക്കപ്പെട്ടതിനാൽ ഇപ്പോൾ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ട്.

സി. തൊഴിലാളികൾക്ക് എന്തെല്ലാം തരത്തിൽ ഈ പ്രശ്നത്തിന് പരിഹാരം തേടാമെന്ന് അറിയിക്കുമോ ?

സി. അവിദഗ്ദ്ധ **തൊഴിൽ** ചെയ്യാൻ സന്നദ്ധരായ ഗ്രാമീണ മേഖലയിലെ പ്രായപൂർത്തിയായ അംഗങ്ങളുൾപ്പെടുന്ന ഒരു കുടുംബത്തിന് ഒരു സാമ്പത്തികവർഷം പരമാവധി 100 ദിവസം അവിദഗ്ദ്ധ **തൊഴിൽ** ഉറപ്പു നല്കുന്നതാണ് തൊഴിലുറപ്പ് നിയമം. ഈ നിയമ പ്രകാരം **തൊഴിൽ** കാർഡിന് അപേക്ഷിച്ച് 15 ദിവസത്തിനകം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി **തൊഴിൽ** കാർഡ് നല്കുകയും **തൊഴിൽ** കാർഡ് ലഭിച്ചവർ **തൊഴിൽ** ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം

തൊഴിൽ നല്കുകയെന്നുള്ളതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. തൊഴിലാളിക്ക് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലായെങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അവകാശമുണ്ടായിരിക്കും. നിയമപരമായ അവകാശലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്താൽ ആയതു പരിഹരിച്ച് പരാതിക്കാരനെ അറിയിക്കേണ്ടത് ബ്ളോക്ക് പ്രോഗ്രാം ആഫീസറുടെ നിയമപരമായ ഉത്തരവാദിത്വമാണ്. പരാതി പരിഹാരം ഒരാഴ്ചയ്ക്കകം ചെയ്യേണ്ടതും യാതൊരു കാരണവശാലും 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണെന്ന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ തൊഴിലാളികൾക്ക് പരാതി പരിഹാരത്തിനായി ബ്ളോക്ക് പ്രോഗ്രാം ഓഫീസറെ സമീപിക്കാവുന്നതാണ്. പ്രശ്ന പരിഹാരം യഥാസമയം ഉണ്ടായില്ലായെങ്കിൽ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ ജില്ലാ കളക്ടർക്ക് അപ്പീൽ നല്കാവുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും പരാതികൾ നേരിട്ടറിയിക്കാൻ ജില്ലാ ദാരിദ്ര്യലഘൂകരണ യൂണിറ്റുകളിലും ഗ്രാമവികസന കമ്മീഷണറേറ്റിലും സ്ഥാപിച്ചിട്ടുള്ള ടോൾഫ്രീ ടെലഫോൺ സൗകര്യവും ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.